**പതിനാറാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

2026 ജൂൺ 2, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ഡെപ്യൂട്ടി സ്പീക്കർ തിരഞ്ഞെടുപ്പ്

മി. സ്പീക്കർ: നിയമസഭാ ഡെപ്യൂട്ടി സ്പീക്കറായി തിരഞ്ഞെടുക്കപ്പെടുന്നതിന് ശ്രീമതി ഷാനിമോൾ ഉസ്മാൻ, ശ്രീ. മുഹമ്മദ് മുഹസിൻ എന്നിവരുടെ പേരുകൾ നിർദേശിച്ചുകൊണ്ടുള്ള നാമനിർദേശപത്രികകൾ ലഭിച്ചിട്ടുണ്ട്. പരിശോധനയിൽ നാമനിർദേശ പത്രികകളെല്ലാം നിയമാനുസൃതമാണെന്ന് കാണുന്നു. ഒന്നിലധികം അംഗങ്ങൾ ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തേക്ക് നിർദേശിക്കപ്പെട്ടിരിക്കുന്നതിനാൽ വോട്ടെടുപ്പിലൂടെ ഡെപ്യൂട്ടി സ്പീക്കറെ തിരഞ്ഞെടുക്കുന്നതാണ്.

(വോട്ടെടുപ്പ് ആരംഭിക്കുകയും നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ് ശ്രീ. ഷാജി സി. ബേബി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ മുതൽ ഇരിപ്പിടക്രമത്തിൽ അംഗങ്ങളുടെ പേര് വിളിക്കുകയും അംഗങ്ങൾ ഓരോരുത്തരായി വന്ന് ബാലറ്റ് പേപ്പർ വാങ്ങി ഡയസ്സിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന രണ്ട് ബൂത്തുകളിലായി വോട്ട് രേഖപ്പെടുത്തി ബാലറ്റ് പെട്ടിയിൽ നിക്ഷേപിച്ചശേഷം തിരികെയെത്തി സ്വസ്ഥാനത്ത് ഉപവിഷ്ടരാകുകയും ചെയ്തു. ഡെപ്യൂട്ടി സ്പീക്കർ സ്ഥാനാർഥികളായ ശ്രീമതി ഷാനിമോൾ ഉസ്മാൻ, ശ്രീ. മുഹമ്മദ് മുഹസിൻ എന്നിവരും വോട്ടെടുപ്പിൽ പങ്കെടുത്തു. ബഹുമാനപ്പെട്ട സ്പീക്കർ വോട്ട് രേഖപ്പെടുത്തിയില്ല. സർവശ്രീ ബി. ബി. ഗോപകുമാർ, രാജീവ് ചന്ദ്രശേഖർ, വി. മുരളീധരൻ എന്നിവർ വോട്ടെടുപ്പിൽ പങ്കെടുത്തില്ല. സർവശ്രീ സി. കെ. ഹരീന്ദ്രൻ, സന്ദീപ് വാര്യർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നിവർ സഭയിൽ ഹാജരായിരുന്നില്ല.)

ശ്രീമതി ഷാനിമോൾ ഉസ്മാന്റെ ഏജന്റ് ശ്രീ. അൻവർ സാദത്ത്, ശ്രീ. മുഹമ്മദ് മുഹസിന്റെ ഏജന്റ് ശ്രീ. കെ. കെ. വൽസരാജ് എന്നിവരുടെ സാന്നിധ്യത്തിൽ വോട്ടെണ്ണൽ നടന്നു.

ശ്രീമതി ഷാനിമോൾ ഉസ്മാന് 99 വോട്ടുകളും ശ്രീ. മുഹമ്മദ് മുഹസിന് 34 വോട്ടുകളും ലഭിച്ചതായും ശ്രീമതി ഷാനിമോൾ ഉസ്മാനെ ഡെപ്യൂട്ടി സ്പീക്കറായി തിരഞ്ഞെടുത്തതായും സ്പീക്കർ പ്രഖ്യാപിച്ചു.

ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറെ സഭാധ്യക്ഷൻ ഹാർദമായി അനുമോദിക്കുകയും വിജയാശംസകൾ നേരുകയും ചെയ്തശേഷം ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം അലങ്കരിക്കുന്നതിനുവേണ്ടി ക്ഷണിച്ചു.

(ശ്രീമതി ഷാനിമോൾ ഉസ്മാൻ ഡെപ്യൂട്ടി സ്പീക്കർക്ക് നിശ്ചയിച്ചിട്ടുള്ള സ്ഥാനത്ത് ഉപവിഷ്ടയായി.)

(ഇടവേളയ്ക്കായി സഭ രാവിലെ 9.45-ന് അല്പസമയത്തേക്ക് നിർത്തിവയ്ക്കുകയും 10.00 മണിക്ക് പുനരാരംഭിക്കുകയും ചെയ്തു.)

## II ചരമോപചാരം

ടി. യു. കുരുവിള, കെ. പി. ഉണ്ണികൃഷ്ണൻ, കെ. പി. ധനപാലൻ എന്നിവരുടെ നിര്യാണം

മുൻ മന്ത്രി ടി. യു. കുരുവിള, മുൻ കേന്ദ്രമന്ത്രി കെ. പി. ഉണ്ണികൃഷ്ണൻ, മുൻ ലോകസഭാംഗം കെ. പി. ധനപാലൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിക്കുകയും ചെയ്തു.

## III ചെയർപേഴ്സൺമാരുടെ പാനൽ

സർവശ്രീ പാറക്കൽ അബ്ദുല്ല, കെ. പ്രേംകുമാർ, വി. പി. സജീന്ദ്രൻ എന്നീ അംഗങ്ങളെ പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനകാലത്തെ ചെയർപേഴ്സൺമാരുടെ പാനലിലേക്ക് നാമനിർദേശം ചെയ്തു.

## IV നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

നിത്യോപയോഗ സാധനങ്ങളുടെ വില വർധന

മി. സ്പീക്കർ: പെട്രോളിയം ഉൽപന്നങ്ങളുടെ വില വർധനയും വാണിജ്യ-ഗാർഹിക പാചകവാതകത്തിന്റെ വില വർധനയും ലഭ്യതക്കുറവും നിത്യോപയോഗ സാധനങ്ങളുടെ വില വർധനയും ജനജീവിതം ദുസ്സഹമാക്കുകയും ഹോട്ടൽ-റെസ്റ്റോറന്റ് മേഖലയിൽ രൂക്ഷമായ പ്രതിസന്ധി സൃഷ്ടിക്കുകയും ചെയ്തതിൽ സംസ്ഥാന സർക്കാർ ഇടപെടാത്ത സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട്

സർവശ്രീ കെ. എൻ. ബാലഗോപാൽ, കെ. രാജൻ, പി. കെ. പ്രവീൺ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): പെട്രോളിയം ഉൽപന്നങ്ങളുടെയും വാണിജ്യ-ഗാർഹിക പാചകവാതകത്തിന്റെയും വില വർധന നിത്യോപയോഗ സാധനങ്ങളുടെ വില വർധിക്കുന്നതിനും നാണ്യപ്പെരുപ്പത്തിനും കാരണമാകുന്നുണ്ട്. കേന്ദ്ര സർക്കാർ ഓരോ തവണ വില വർധിപ്പിക്കുമ്പോഴും ഉണ്ടാകുന്ന സാമൂഹിക-സാമ്പത്തിക ആഘാതം വിലയിരുത്തുന്നതിനുമുമ്പ് വീണ്ടും വില വർധിപ്പിക്കുകയാണ് ചെയ്യുന്നത്. ഇതിലെ അനിശ്ചിതത്വം അവസാനിച്ചതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ സർക്കാരിന് തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

ശ്രീ. കെ. എൻ. ബാലഗോപാൽ: പെട്രോളിയം ഉൽപന്നങ്ങളുടെയും വാണിജ്യ-ഗാർഹിക പാചകവാതകത്തിന്റെയും വിലവർധന സമസ്ത മേഖലകളെയും പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. പെട്രോളിയം ഉൽപന്നങ്ങളുടെ അധിക വില വർധനയിലൂടെ സംസ്ഥാനത്തിന് ലഭിക്കുന്ന അധിക വരുമാനം ഉപയോഗിച്ച് നിലവിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടിയുണ്ടാകണം. അർഹതപ്പെട്ടവർക്ക് സബ്സിഡി നൽകിക്കൊണ്ട് ഗ്യാസ് സിലിണ്ടറുകൾ മുടങ്ങാതെ ലഭ്യമാക്കുന്നതിനുള്ള നടപടിയുണ്ടാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): എൽ.പി.ജി. സിലിണ്ടറുകളുടെ ക്ഷാമം പരിഹരിക്കാനും കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടഞ്ഞ് വില നിയന്ത്രിക്കാനും ആവശ്യമായ നടപടി സ്വീകരിക്കും. ഇതര സംസ്ഥാനങ്ങളിൽനിന്നും അനധികൃതമായി ഇന്ധനം കടത്തിക്കൊണ്ടുവരുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കും. നാണ്യപ്പെരുപ്പം തടഞ്ഞ് അവശ്യ സാധനങ്ങളുടെ വില വർധന തടയുന്നതിനാണ് സർക്കാരിന്റെ പ്രഥമ പരിഗണന. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവശ്രീ പിണറായി വിജയൻ, കെ. രാജൻ, പി. കെ. പ്രവീൺ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്നും പുറത്ത് പോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## V ശ്രദ്ധക്ഷണിക്കൽ

(1) മലയിടംതുരുത്തിലെ പട്ടികജാതി കുടുംബങ്ങളെ കുടിയൊഴിപ്പിക്കൽ

ശ്രീ. വി. പി. സജീന്ദ്രൻ: കുന്നത്തുനാട് താലൂക്കിൽ വാഴക്കുളം വില്ലേജിൽ മലയിടംതുരുത്ത്, പരിയത്തുകാവിലെ കുടിയൊഴിപ്പിക്കലുമായി ബന്ധപ്പെട്ട് പെരുമ്പാവൂർ മുൻസിഫ് കോടതിയിൽ ഫയൽ ചെയ്യപ്പെട്ട കേസ് സുപ്രീം കോടതി വരെ എത്തുകയും സ്ഥലം ഉടമസ്ഥന് അനുകൂലമായ വിധി ഉണ്ടാകുകയും തുടർന്ന് എക്സിക്യൂഷൻ പെറ്റീഷൻ ഫയൽ ചെയ്യപ്പെടുകയുമുണ്ടായി. കേസിലെ എതിർകക്ഷികൾ മരണപ്പെടുകയും അവരുടെ തലമുറയിൽപ്പെട്ട ഏഴ് കുടുംബങ്ങൾ അവിടെ താമസിച്ചുവരികയുമാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഈ കുടുംബങ്ങളെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കുന്നതിനും കുടിയൊഴിപ്പിക്കലുമായി ബന്ധപ്പെട്ട് അവരുടെമേൽ ചുമത്തപ്പെട്ടിട്ടുള്ള കേസുകൾ സെറ്റിൽ ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): എറണാകുളം ജില്ലയിലെ മലയിടംതുരുത്തിൽ ഏഴ് കുടുംബങ്ങളെ കുടിയൊഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട തർക്കങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുന്നത്തുനാട് താലൂക്കിലെ വാഴക്കുളം വില്ലേജിലെ പഴയ സർവെ നം.391/16-ൽ ഉൾപ്പെട്ട 19.98 ഏക്കർ വസ്തു വ്യാജ പ്രമാണം സൃഷ്ടിച്ച് സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിയെന്ന പരാതിയിന്മേൽ പ്രതിഭാഗം സമർപ്പിച്ച അപ്പീൽ സുപ്രീം കോടതി നിരസിക്കുകയുണ്ടായി. കുടിയൊഴിപ്പിക്കൽ ഭീഷണി നേരിടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. കുടിയൊഴിപ്പിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കണമെന്ന നിലപാടാണ് സർക്കാരിനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): മലയിടംതുരുത്തിലെ കുടിയൊഴിപ്പിക്കപ്പെട്ട ഏഴ് കുടുംബങ്ങളെ കൈയൊഴിയുകയില്ലെന്ന് ഉറപ്പുനൽകുന്നു. കോടതി നിർദേശപ്രകാരം പതിനഞ്ച് പ്രാവശ്യം കുടിയൊഴിപ്പിക്കൽ നടപടികളുണ്ടായിട്ടുണ്ട്. ഭൂമിയും ഭവനവും നൽകി പ്രശ്നം രമ്യമായി പരിഹരിക്കാനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കുടിയൊഴിപ്പിക്കലുമായി ബന്ധപ്പെട്ട് എതിർകക്ഷികൾക്കെതിരെ എടുത്തിട്ടുള്ള കേസുകൾ പിൻവലിക്കുന്ന കാര്യം ഗൗരവമായി പരിശോധിക്കുന്നതാണ്.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കുടിയൊഴിപ്പിക്കൽ നടപടികളുടെ ഭാഗമായി പോലീസിന്റെ ഭാഗത്തുനിന്നും യാതൊരു അതിക്രമവും ഉണ്ടായിട്ടില്ല.

## (2) സാംക്രമികരോഗ വ്യാപനം തടയുന്നതിനുള്ള നടപടി

ശ്രീ. സജി ചെറിയാൻ: മഴക്കാലപൂർവ ശുചീകരണവും അനുബന്ധ പ്രവർത്തനങ്ങളും സ്തംഭിച്ചതിന്റെ ഫലമായി പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സ്ഥിതിവിശേഷം സംജാതമായിരിക്കുകയാണ്. മഴക്കാലപൂർവ ശുചീകരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട മാർഗരേഖ പുറപ്പെടുവിച്ചെങ്കിലും നടപ്പാക്കിയിട്ടില്ല. എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. എം. ഷാജി): മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ചേർന്ന യോഗത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇതുവരെ നടന്ന പ്രവൃത്തികൾ കാര്യക്ഷമമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. വാർഡുകൾ കേന്ദ്രീകരിച്ച് ശുചിത്വസമിതികൾ രൂപീകരിക്കുകയും ക്ലീനിങ് ഡ്രൈവ് നടത്തുകയും കിണറുകൾ ക്ലോറിനേറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾക്ക് പ്രഥമ പരിഗണന നൽകുകയും ഇതര വകുപ്പുകളുടെ സഹകരണത്തോടെ പകർച്ചവ്യാധികൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്ന് തീരുമാനങ്ങളെടുത്തിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് മന്ത്രിമാരുടെയും ജില്ലാ കളക്ടർമാരുടെയും ബന്ധപ്പെട്ട വകുപ്പ് മേധാവികളുടെയും യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തിയിട്ടുണ്ട്.

## VI റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

## VII റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VIII ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച

ശ്രീ. എം. വിൻസെന്റ്: "2026 മേയ് 29-ന് ബഹുമാനപ്പെട്ട ഗവർണ്ണർ നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ബഹുമാനപ്പെട്ട ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(സർവശ്രീ ഗോവിന്ദൻ പള്ളിക്കാപ്പിൽ, കെ. രാജൻ, പി. പ്രസാദ്, മുഹമ്മദ് മുഹസിൻ, സി. അജയപ്രസാദ്, കെ. കെ. വൽസരാജ്, ജി. ആർ. അനിൽ, വി. ജോയി, എ. പ്രഭാകരൻ, എ. സി. മൊയ്തീൻ, പി. മമ്മിക്കുട്ടി, കെ. യു. ജനീഷ് കുമാർ, സി. കെ. ഹരീന്ദ്രൻ, എം. എസ്. അരുൺ കുമാർ, എൻ. കെ. അക്ബർ, യു. ആർ. പ്രദീപ്, കെ. പ്രേമൻ, കെ. പ്രേംകുമാർ, കാരായി രാജൻ, കെ. കെ. രാമചന്ദ്രൻ, സജി ചെറിയാൻ, വി. കെ. സനോജ്, സേവ്യർ ചിറ്റിലപ്പിള്ളി, കെ. എൻ. ബാലഗോപാൽ, എം. വിജിൻ, പി. പി. സുമോദ്, കെ. വി. സുമേഷ്, ജി. സ്റ്റീഫൻ, ടി. എം. ശശി, പി. എ. മുഹമ്മദ് റിയാസ്, വി. മുരളീധരൻ, ബി. ബി. ഗോപകുമാർ, രാജീവ് ചന്ദ്രശേഖർ, പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീമതി ഗീതാഗോപി, ശ്രീമതി ഒ. എസ്. അംബിക എന്നീ അംഗങ്ങൾ ഉപക്ഷേപത്തിന് ഭേദഗതികൾ അവതരിപ്പിച്ചു.)

ശ്രീ. എം. വിൻസെന്റ്: സാമൂഹ്യനീതി, സാമ്പത്തിക വളർച്ച, പാരിസ്ഥിതിക ഉത്തരവാദിത്വത്തോടെയുള്ള അടിസ്ഥാന സൗകര്യ വികസനം, അവസരസമത്വവും മാനുഷിക മൂല്യങ്ങളും സംരക്ഷിക്കുന്ന സാങ്കേതിക പുരോഗതി എന്നിവ സംയോജിപ്പിച്ചുകൊണ്ടുള്ള വികസന കാഴ്ചപ്പാടാണ് സർക്കാരിന്റെ നയപ്രഖ്യാപനത്തിൽ പ്രതിഫലിക്കുന്നത്. മുൻ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച കരമന-കളിയിക്കാവിള റോഡ്, മലയോര ഹൈവേ, തീരദേശ ഹൈവേ, വിഴിഞ്ഞം-നാവായിക്കുളം റിങ് റോഡ് തുടങ്ങിയ പ്രധാന പദ്ധതികൾ വേഗത്തിൽ പൂർത്തിയാക്കി അടിസ്ഥാനസൗകര്യ വികസനം ശക്തിപ്പെടുത്തുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. തുറമുഖ വികസന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി കേരളത്തെ സംയോജിത തുറമുഖ കേന്ദ്രമായി ഉയർത്തുന്നതിനും സാമ്പത്തിക സാധ്യതകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുമാണ് ലക്ഷ്യമിടുന്നത്. ദക്ഷിണേഷ്യയിലെ പ്രധാന സിവിൽ വ്യോമയാന കേന്ദ്രങ്ങളിലൊന്നായി കേരളത്തെ മാറ്റുമെന്ന പ്രഖ്യാപനം ശ്ലാഘനീയമാണ്. പുതിയ വികസന മേഖലകൾ കണ്ടെത്തിയും

നിക്ഷേപ-തൊഴിൽ സാധ്യതകൾ വർധിപ്പിച്ചും സംസ്ഥാനത്തിന്റെ സമഗ്രവും സുസ്ഥിരവുമായ വികസനം യാഥാർഥ്യമാക്കാനുള്ള നടപടികളാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. സാമൂഹ്യക്ഷേമ പെൻഷൻ 3000 രൂപയായി വർധിപ്പിക്കുമെന്നും കോളേജ് വിദ്യാർഥിനികൾക്ക് പ്രതിമാസം 1000 രൂപ ധനസഹായം നൽകുമെന്നുമുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. യുവ സംരംഭകർക്ക് പലിശരഹിത വായ്പ ലഭ്യമാക്കി സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്തിനുള്ളിൽതന്നെ തൊഴിലും സംരംഭ സാധ്യതകളും സൃഷ്ടിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. വനിതകൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ യാത്രാസൗകര്യം ഏർപ്പെടുത്തുമെന്നും ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുമെന്നും പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ ഭവന നിർമ്മാണ പദ്ധതികൾക്ക് പ്രത്യേക ഊന്നൽ നൽകുമെന്നും സർക്കാർ/ദേവസ്വം ബോർഡ് നിയമനങ്ങളിൽ അവരുടെ പ്രാതിനിധ്യം വർധിപ്പിക്കുന്നതിന് പ്രത്യേക റിക്രൂട്ട്മെന്റ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്നും നയപ്രഖ്യാപനം വ്യക്തമാക്കുന്നുണ്ട്. മയക്കുമരുന്നിനെതിരായി ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ 'ഓപ്പറേഷൻ തൂഫാൻ' പദ്ധതി നടപ്പാക്കിയത് അഭിനന്ദനാർഹമാണ്. പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കുമെന്നും ഗുണനിലവാരമുള്ള അവശ്യവസ്തുക്കൾ കൃത്യസമയത്ത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. വൈദ്യുതി ഉൽപാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തതയിലെത്തിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ക്ഷേമ പെൻഷൻ മൂവായിരം രൂപയാക്കി വർധിപ്പിച്ചതും ആശാവർക്കർമാരുടെ പ്രതിമാസ ഓണറേറിയം മൂവായിരം രൂപ വർധിപ്പിച്ചതും അഭിനന്ദനാർഹമാണ്. കേരളത്തിൽ ട്രൈബൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുമെന്നും മികച്ച വിദ്യാഭ്യാസ-ആരോഗ്യ സ്ഥാപനങ്ങൾ യാഥാർഥ്യമാക്കുമെന്നുമുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. നിലമ്പൂർ-നഞ്ചൻകോട് റെയിൽപാത യാഥാർഥ്യമാക്കുന്നതിനും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കരാറുകാർ പാതിവഴിയിലുപേക്ഷിച്ച പദ്ധതികൾ പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. എൻ. ബാലഗോപാൽ: ഉപക്ഷേപത്തെ എതിർക്കുന്നു. കേരളത്തിന്റെ ഭാവിവികസനത്തിനുതകുന്ന പ്രായോഗിക നിർദേശങ്ങളില്ലാത്ത നയപ്രഖ്യാപനമാണ് ഇവിടെ

അവതരിപ്പിച്ചിരിക്കുന്നത്. വിഴിഞ്ഞം തുറമുഖ പദ്ധതി, വയനാട് തുരങ്ക പാത, കെ-റെയിൽ എന്നിവയെ എതിർക്കുന്ന സമീപനമാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രതിപക്ഷം സ്വീകരിച്ചിരുന്നതെങ്കിൽ സംസ്ഥാനത്തിന്റെ വളർച്ചയുറപ്പുകുന്ന പ്രവർത്തനങ്ങളെ അനുകൂലിക്കുന്ന സമീപനമായിരിക്കും ഇപ്പോഴത്തെ പ്രതിപക്ഷം സ്വീകരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ പ്രതിലോമകരമായ നടപടികളാണ് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിച്ചത്. സംസ്ഥാനത്തിന് ലഭിക്കേണ്ട ബോറോയിങ്ങിൽ ഒന്നേകാൽ ലക്ഷം കോടി രൂപയുടെ കുറവുണ്ടായിട്ടും സമ്പദ്‌വ്യവസ്ഥയെ സംരക്ഷിക്കാനും നികുതി വരുമാനം വർധിപ്പിക്കാനും അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കാനും പുതിയ സാമ്പത്തിക വർഷാരംഭത്തിൽ ആറായിരത്തി മുന്നൂറ് കോടി രൂപയുടെ ട്രഷറി ബാലൻസ് നിലനിർത്താനും കഴിഞ്ഞ സർക്കാരിന് സാധിച്ചിട്ടുണ്ട്. ആശാ വർക്കർമാർക്കും അങ്കണവാടി ജീവനക്കാർക്കും നൽകിയ വാഗ്ദാനം പൂർണ്ണമായി പാലിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടില്ല.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഈ സർക്കാരിന്റെ കാഴ്ചപ്പാടുകളും നയങ്ങളും വ്യക്തമാക്കുന്ന നയപ്രഖ്യാപനമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും പ്രതീക്ഷയ്ക്കൊത്ത് ഉയരുന്ന ഭരണം കാഴ്ചവയ്ക്കുന്നതിനും സമസ്ത മേഖലകളുടെയും വികസനം സാധ്യമാക്കുന്നതിനും പ്രഖ്യാപനങ്ങൾ നടപ്പാക്കുന്നതിനും മതനിരപേക്ഷത ഉയർത്തിപ്പിടിക്കുന്നതിനുമുള്ള പദ്ധതികളാണ് നയപ്രഖ്യാപനത്തിലൂടെ സർക്കാർ മുന്നോട്ടുവച്ചിട്ടുള്ളത്.

<u>ശ്രീ. പി. പ്രസാദ്</u>: ഉപക്ഷേപത്തെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തികാവകാശങ്ങൾ ഹനിക്കുന്ന കേന്ദ്ര ഗവൺമെന്റ് സമീപനത്തിനെതിരെ ശക്തമായ പ്രതിഷേധം ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്. തീരദേശ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന ബ്ലൂ എക്കോണമി നയം നടപ്പാക്കാനുള്ള തീരുമാനം പുനഃപരിശോധിക്കപ്പെടണം. മുൻ സർക്കാർ നടപ്പാക്കിയ കേര പദ്ധതി മുന്നോട്ടുകൊണ്ടുപോകാനും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ വ്യോമയാന മേഖലയെ ദക്ഷിണേന്ത്യയിലെ മികച്ച വ്യോമയാന മേഖലയായി

വികസിപ്പിക്കുമെന്നും വെല്ലുവിളി നേരിടുന്ന കാർഷികമേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുമെന്നും മനുഷ്യ-വന്യജീവി സംഘർഷത്തിന് ശാശ്വത പരിഹാരം കാണുമെന്നും ഉന്നതവിദ്യാഭ്യാസം, സഹകരണം അടക്കമുള്ള മേഖലകളെ അതിശക്തമായി മുന്നോട്ടുകൊണ്ടുപോകുമെന്നുമുള്ള പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്.

ശ്രീ. വി. മുരളീധരൻ: ഉപക്ഷേപത്തെ എതിർക്കുന്നു. യാഥാർത്ഥ്യബോധമില്ലാത്ത നയപ്രഖ്യാപന പ്രസംഗമാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. നയപ്രഖ്യാപനത്തിൽ പ്രതിപാദിച്ച പദ്ധതികൾ പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച് യാതൊരു ധാരണയും സർക്കാരിനില്ല. കേന്ദ്ര പദ്ധതികൾ നടപ്പാക്കുന്നതിൽ സംസ്ഥാനം അലംഭാവം കാണിക്കുന്നുണ്ട്. ജൽ ജീവൻ മിഷൻ, പി.എം.ശ്രീ പദ്ധതി എന്നിവ നടപ്പാക്കുന്നത് സംബന്ധിച്ച് നയപ്രഖ്യാപനത്തിൽ പരാമർശിക്കാത്തത് പ്രതിഷേധാർഹമാണ്.

ശ്രീ. ജി. സുധാകരൻ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ ധനസ്ഥിതി സംബന്ധിച്ച് ധവളപത്രം പുറപ്പെടുവിക്കണം. കെ-റെയിൽ പദ്ധതിക്കായി സംസ്ഥാനത്തുടനീളം സ്ഥാപിച്ച മഞ്ഞക്കുറ്റികൾ നീക്കംചെയ്യാനുള്ള തീരുമാനം സ്വാഗതാർഹമാണ്. ആലപ്പുഴ തോട്ടപ്പള്ളിയിലെ കരിമണൽ കൊള്ളയുമായി ബന്ധപ്പെട്ട് അന്വേഷണ കമ്മിഷനെ നിയോഗിക്കാൻ സർക്കാർ തയ്യാറാകണം.

ശ്രീ. റോയ് കെ. പൗലോസ്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. യു.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ച ഇന്ദിരാ ഗ്യാരന്റികൾ കേരളത്തിലെ ജനങ്ങളോടുള്ള സർക്കാരിന്റെ സാമൂഹിക പ്രതിബദ്ധത പ്രതിഫലിപ്പിക്കുന്നതാണ്. നയപ്രഖ്യാപനത്തിൽ കർഷകർക്ക് മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. കാർഷിക വിളകൾക്ക് മതിയായ താങ്ങുവില ലഭ്യമാക്കാനും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാനും നടപടി സ്വീകരിക്കണം. സഹകരണ മേഖലയുടെ വിശ്വാസ്യത വീണ്ടെടുക്കാനാവശ്യമായ സമീപനമുണ്ടാകണം. മയക്കുമരുന്ന് വിതരണ ശൃംഖലകളെ തകർക്കുന്നതോടൊപ്പം കുറ്റവാളികൾക്ക് പരമാവധി ശിക്ഷ ഉറപ്പാക്കണം. വനഭൂമിയോട് ചേർന്നുള്ള പ്രദേശങ്ങളിലെ ജനങ്ങൾക്ക് വനം വകുപ്പ് ഉദ്യോഗസ്ഥരിൽനിന്നും നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കണം. വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാത്തത് പരിശോധിക്കണം. മയക്കുമരുന്ന് ശൃംഖലയെ ഉന്മൂലനം ചെയ്യുന്നതിനായി ആരംഭിച്ച ഓപ്പറേഷൻ തൂഫാൻ ദൗത്യത്തെ സ്വാഗതം ചെയ്യുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മൂന്നാം ഗഡു ധനസഹായം അനുവദിക്കണം.

കാലഹരണപ്പെട്ട ഭൂനിയമങ്ങളും ചട്ടങ്ങളും കാലാനുസൃതമായി പരിഷ്കരിക്കണം. ഇടുക്കി ജില്ലയിലെ സി.എച്ച്.ആർ. മേഖലയിലെ പട്ടയപ്രശ്നങ്ങൾ പരിഹരിക്കാനും നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാനും കുത്തകപ്പാട്ടം പുതുക്കി നൽകാനും ബേസിക് ടാക്സ് രജിസ്റ്റർ പുനഃപരിശോധിക്കാനും ജോയിന്റ് വെരിഫിക്കേഷൻ നടത്താത്ത മേഖലയിലെ കർഷകരുടെ ഭൂമിക്ക് പട്ടയം നൽകാനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീമതി രമ്യ ഹരിദാസ്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സാധാരണക്കാരായ ജനങ്ങളെ ചേർത്ത് നിർത്തുന്ന സമീപനമാണ് സർക്കാർ നയപ്രഖ്യാപനത്തിലൂടെ സ്വീകരിച്ചിട്ടുള്ളത്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്ത്രീകൾക്ക് സൗജന്യ യാത്ര ഉറപ്പാക്കാനും കോളേജ് വിദ്യാർഥിനികൾക്ക് പ്രതിമാസം ആയിരം രൂപ ധനസഹായം നൽകാനും ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്താനുമുള്ള തീരുമാനം അഭിനന്ദനാർഹമാണ്. ആരോഗ്യമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടി, തീരദേശ മേഖലയുടെയും ചരിത്ര സ്മാരകങ്ങളുടെയും സംരക്ഷണം, സ്ത്രീ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാനുള്ള പദ്ധതികൾ, സ്കൂൾ വിദ്യാർഥിനികൾക്ക് ആർത്തവാവധി ഏർപ്പെടുത്താനുള്ള തീരുമാനം എന്നിവ സ്വാഗതാർഹമാണ്.

ശ്രീ. ജ്യോതികുമാർ ചാമക്കാല: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സാധാരണക്കാരായ ജനങ്ങളുടെ ക്ഷേമത്തിനുതകുന്ന പദ്ധതികളാണ് നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സമസ്ത മേഖലകളുടെയും വികസനം ലക്ഷ്യമിടുന്ന നയപ്രഖ്യാപനത്തോടുള്ള പ്രതിപക്ഷ സമീപനം പ്രതിഷേധാർഹമാണ്.

ശ്രീ. മാണി സി. കാപ്പൻ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സ്ത്രീ സുരക്ഷ ഉറപ്പാക്കുമെന്നും ഇന്ദിരാ ഗ്യാരന്റി നടപ്പാക്കുമെന്നുമുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. തീരദേശത്തെയും നദികളെയും തടാകങ്ങളെയും രാജ്യാന്തര വിമാനത്താവളങ്ങളെയും ബന്ധിപ്പിക്കുന്ന സംയോജിത വികസന പദ്ധതി നിർദേശം കേരളത്തിന്റെ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയ്ക്ക് ഉതകുന്നതാണ്. പ്രധാന ആരാധനാലയങ്ങളെ ഉൾപ്പെടുത്തി പിൽഗ്രിം സർക്യൂട്ട് ആരംഭിക്കുന്നത് ഗ്രാമീണ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സഹായിക്കും. വയോജനങ്ങൾക്കുവേണ്ടി പ്രത്യേക വകുപ്പ് രൂപീകരിച്ചതും വയോമിത്രം പദ്ധതി എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. ഭൂമി സംബന്ധമായ നിയമങ്ങൾ പുനഃപരിശോധിക്കുന്നതിന് കമ്മീഷനെ നിയമിക്കാൻ തീരുമാനിച്ചത് അഭിനന്ദനാർഹമാണ്. വിദ്യാർഥികളെയും വ്യവസായത്തെയും

ബന്ധിപ്പിക്കുന്ന അപ്രന്റിസ്ഷിപ്പ് എക്സ്ചേഞ്ച് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നത് തൊഴിൽരഹിതരായ യുവജനങ്ങൾക്ക് ആശ്വാസകരമാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്പോർട്സ് അക്കാദമി ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. കെ. വി. സുമേഷ്: ഉപക്ഷേപത്തെ എതിർക്കുന്നു. ഈ നയപ്രഖ്യാപനം കേരളം അഭിമുഖീകരിക്കുന്ന ആധുനിക വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉതകുന്നതല്ല. രാജ്യത്തിന്റെ ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായ സംഘപരിവാർ നിലപാടുകളെ നയപ്രഖ്യാപനത്തിലൂടെ എതിർക്കാൻ തയ്യാറാകാത്തത് ആശങ്കാജനകമാണ്.

ശ്രീ. പി. കെ. ഫിറോസ്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ആശാ വർക്കർമാരുടെ പ്രതിമാസ ഓണറേറിയം മൂവായിരം രൂപ വർധിപ്പിക്കാനുള്ള തീരുമാനം അഭിനന്ദനാർഹമാണ്. കെ-റെയിൽ അടക്കമുള്ള പദ്ധതികളുപേക്ഷിച്ച് പരിസ്ഥിതി സൗഹൃദ പൊതുഗതാഗത സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്ന സംസ്ഥാനമായി കേരളത്തെ മാറ്റുമെന്ന പ്രഖ്യാപനം ശ്ലാഘനീയമാണ്.

ശ്രീ. മുഹമ്മദ് ഷിയാസ്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. പുതുയുഗ കേരളത്തിനുവേണ്ടി സാമ്പത്തിക വളർച്ചയും സാമൂഹിക നീതിയും ആധുനിക അടിസ്ഥാന സൗകര്യങ്ങളും പരിസ്ഥിതി സംരക്ഷണവും സമന്വയിപ്പിക്കുന്ന സമഗ്രമായ വികസന കാഴ്ചപ്പാടാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്ത്രീകൾക്ക് സൗജന്യ യാത്ര ഏർപ്പെടുത്താനും വയോജന വകുപ്പ് രൂപീകരിക്കാനുമുള്ള നടപടി സ്വാഗതാർഹമാണ്. കോളേജ് വിദ്യാർഥിനികൾക്കുള്ള ധനസഹായം, ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, യുവസംരംഭകർക്കുള്ള പലിശരഹിത വായ്പ തുടങ്ങിയ പ്രഖ്യാപനങ്ങൾ കേരളത്തിന് പ്രതീക്ഷ നൽകുന്നതാണ്. ഇന്റഗ്രേറ്റഡ് പോർട്ട് സിറ്റിയുമായി ബന്ധപ്പെട്ട വികസനത്തിനും ടൂറിസം മേഖലയുടെ വളർച്ചയും സാധ്യതകളും വിപുലപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കുമാണ് സർക്കാർ ഊന്നൽ നൽകുന്നത്. സമസ്ത മേഖലകളുടെയും ഉന്നമനം സാധ്യമാക്കുന്നതിനുള്ള പ്രഖ്യാപനങ്ങളാണ് സർക്കാർ മുന്നോട്ടുവച്ചിട്ടുള്ളത്.

ശ്രീ. സേനാപതി വേണു: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സർക്കാർ പ്രഖ്യാപിച്ച ഇന്ദിരാ ഗ്യാരന്റികൾ അഭിനന്ദനാർഹമാണ്. ഭൂപ്രശ്നങ്ങൾ പരിഹരിക്കുമെന്നും ഉപാധിരഹിത പട്ടയം വിതരണം ചെയ്യുമെന്നും ഭൂനിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുമെന്നുമുള്ള പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനും

വനമേഖലയോട് ചേർന്ന ഭൂമിയിന്മേലുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനം ആശ്വാസകരമാണ്. എൻ.ഡി.പി.എസ്. ആക്ടിന്റെ പോരായ്മകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. അപു ജോൺ ജോസഫ്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. മാലിന്യ സംസ്കരണത്തിന് പ്രത്യേക ഊന്നൽ നൽകുമെന്ന പ്രഖ്യാപനം പ്രശംസനീയമാണ്. വേസ്റ്റ്-ടു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനും പ്രീപ്രൈമറി വിദ്യാഭ്യാസ മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകുന്നതിനും പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് മാതൃകയിൽ മീഡിയ ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. പ്ലാന്റേഷൻ നിയമങ്ങളിൽ ഭേദഗതി വരുത്തുമെന്നത് അഭിനന്ദനാർഹമാണ്. എയർ-ട്രെയിൻ കാർഗോകളിൽ ചരക്കുകൂലി സബ്സിഡി നൽകി പഴവർഗ്ഗങ്ങളുടെ വിപണി സംസ്ഥാനത്തിന് പുറത്തേക്ക് വ്യാപിപ്പിക്കുന്നതിനും ഫുഡ് പ്രൊഡ്യൂസർ കമ്പനികളെ ശാക്തീകരിച്ച് മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ചെറുകിട യൂണിറ്റുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. ഉപാധിരഹിത പട്ടയം എന്ന ആശയം അടിയന്തരമായി നടപ്പാക്കണം.

ശ്രീ. എ. കെ. എം. അഷ്റഫ്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സമസ്ത ജനവിഭാഗങ്ങളുടെയും ക്ഷേമത്തിനുതകുന്ന പദ്ധതികളാണ് നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും അതിവേഗ റെയിൽപ്പാത പദ്ധതിയിൽ കാസർഗോഡ് ജില്ലയെ ഉൾപ്പെടുത്തുന്നതിനും മഞ്ചേശ്വരം താലൂക്ക് ആഫീസിനെ മിനി സിവിൽ സ്റ്റേഷനായി പ്രഖ്യാപിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. എ. സി. മൊയ്തീൻ: ഉപക്ഷേപത്തെ എതിർക്കുന്നു. നയരാഹിത്യ നയപ്രഖ്യാപനമാണ് അവതരിപ്പിച്ചിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ നയങ്ങളോട് മൃദുസമീപനമാണ് നയപ്രഖ്യാപനത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സ്വതന്ത്ര വ്യാപാര കരാറുകളിൽ ഏർപ്പെടുന്നതിലൂടെ സംസ്ഥാനത്തെ സമ്പദ്ഘടനയിലുണ്ടാകാവുന്ന മാറ്റങ്ങളെക്കുറിച്ചും തൊഴിലുറപ്പ് പദ്ധതിയുടെ ഭാവി പ്രവർത്തനങ്ങളെക്കുറിച്ചും നയപ്രഖ്യാപനത്തിൽ പ്രതിപാദിക്കാത്തത് പ്രതിഷേധാർഹമാണ്. കിഫ്ബി പദ്ധതികളെ സംബന്ധിച്ച നിലപാട് സർക്കാർ വ്യക്തമാക്കണം.

ശ്രീ. അൻവർ സാദത്ത്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സർക്കാർ പ്രഖ്യാപിച്ച ഇന്ദിരാ ഗ്യാരന്റികൾ ജനങ്ങളോടുള്ള പ്രതിബദ്ധതയാണ് തെളിയിക്കുന്നത്. സംസ്ഥാനത്തെ

മയക്കുമരുന്ന് ശൃംഖല പൂർണ്ണമായും ഉന്മൂലനം ചെയ്യാനുള്ള ഓപ്പറേഷൻ ഡിഹാൻ അഭിനന്ദനാർഹമായ പദ്ധതിയാണ്. സ്കൂൾ വിദ്യാർത്ഥിനികൾക്ക് ആർത്തവ അവധി അനുവദിച്ചതും ആശാ പ്രവർത്തകരുടെ വേതനം വർധിപ്പിച്ചതും പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചതും ശ്ലാഘനീയമാണ്. കേരളത്തിലെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി കേരളത്തിൽതന്നെ അവസരമൊരുക്കുമെന്നത് പുതിയ ദിശാസൂചകമാണ്. ജലനയം രൂപീകരിക്കുന്നതിലൂടെ കാർഷിക-കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുന്നതാണ്.

(സഭ ഉച്ചയ്ക്കുശേഷം 2.53-ന് പിരിഞ്ഞു.)

* * * * * * * * * *